LIBRARY ARCHIVES Kerala Legislative Assembly

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കൗൺസിൽ

263 (3775) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിൽ സി.സി.എഫ് കൗൺസിൽ എന്ന സമിതി നിലവിലുണ്ടോ; എങ്കിൽ ഉത്തരവ് നമ്പർ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 6 മാസക്കാലയളവിൽ പ്രസ്തുത സമിതി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്നും ആയതിലേക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതിയോഗങ്ങൾ ഒഴികെയുള്ള വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ എത്ര യോഗങ്ങൾ വനം വകുപ്പ് ആസ്ഥാനത്ത് ചേർന്നിട്ടുണ്ടെന്നും ആയതിലേക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സി.സി.എഫ്. കൗൺസിൽ എന്ന സമിതി നിലവിലുണ്ട്. ആയതിന്റെ ഉത്തരവ് നമ്പർ G.O. (MS) No. 52/83/GAD dated 24.02.1983 അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ പ്രസ്തുത സമിതി 14 പ്രാവശ്യം യോഗം ചേരുകയും ആയതിലേയ്ക്ക് 8678/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സമിതിയോഗങ്ങൾ ഒഴികെയുള്ള വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ 81 യോഗങ്ങൾ കഴിഞ്ഞ ആറ് മാസക്കാലയളവിനുള്ളിൽ നടന്നിട്ടുണ്ട്. ആയതിലേയ്ക്ക് 1,78,396 രൂപ ചെലവഴിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ

264 (3776) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്നും എത്ര ഉദ്യോഗസ്ഥന്മാർ (ഐ.എഫ്.എസ് കാറ്റഗറി ഒഴികെ) മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; സർക്കാർ ഉത്തരവില്ലാതെ ജീവനക്കാർ ഇപ്രകാരം ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽനിന്നും ഐ.എഫ്.എസ്. കാറ്റഗറി ഒഴികെ 15 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിൽ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നു. പാർട്ട് -1 കെ.എസ്.ആർ. ചട്ടം 144-ലെ വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ ജീവനക്കാർ മറ്റ് വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിവരുന്നത്.

(ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഒരു സെക്ഷൻ ഫോറസ്റ്റാഫീസറും ഒരു റിസർവ് ഫോറസ്റ്റ് വാച്ചറും ജോലി ചെയ്യുന്നു. ഇതിൽ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറും ഒരു റിസർവ് ഫോറസ്റ്റ് വാച്ചറും സർക്കാർ ഉത്തരവില്ലാതെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നത്.

വനഭൂമി അനധികൃതമായി കൈവശം വച്ചതിനെതിരെ നടപടി

265 (3777) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി അനധികൃതമായി കൈവശം വച്ചത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വനഭൂമി കയ്യേറാൻ ശ്രമിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ കയ്യേറിയ വനഭൂമി ഇതുവരെ തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച എത്ര ഏക്കർ വനഭൂമിയിൽ വീണ്ടും കയ്യേറ്റം നടക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly